**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1406** **11-09-2023 - ൽ മറുപടിയ്ക്ക്**

**ലവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ലവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 99 റെയിൽവെ മേൽപാലങ്ങൾ നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 72 എണ്ണത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ. യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണ ചുമതല കെ.ആർ.ഡി.സി.എൽ നു നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ ഒന്നിച്ച് പുരോഗമിക്കുന്നത്. ആർ.ബി.ഡി.സി.കെ. യ്ക്ക് നിർമ്മാണ ചുമതലയുള്ള മേൽപ്പാലങ്ങളിൽ കാഞ്ഞങ്ങാട് ആർ.ഒ.ബി. പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു. കൂടാതെ 12 ആർ.ഒ.ബി.കളുടെ നിർമ്മാണം നടന്നുവരുന്നു. ഒരു മേൽപ്പാലത്തിന്റെ ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. 21 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 8 റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ GAD റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. സിൽവർ ലൈനുമായി ബന്ധപ്പെട്ടു കിടന്നിരുന്ന 15 ആർ.ഒ.ബി.കളുടെ GAD പുതുക്കി റെയിൽവേയുടെ അംഗീകാരത്തി നായ സമർപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. ഒരു ROB കിഫ്ബിയുടെ പരിഗണനയിലാണ്. 7 ROB-കളുടെ അലൈൻമെന്റ് നിശ്ചയിക്കുന്ന പ്രവൃത്തി തുടരുന്നു. എറണാകുളത്തിനും ഷൊർണ്ണൂറിനും ഇടയ്ക്കുള്ള റെയിൽവേയുടെ മൂന്നാമത്തെ |

| | | | |
|---|---|---|---|
| | | | റെയിൽവേ ലൈനിന്റെ അലൈൻമെന്റ് തീരുമാനമാകാത്തതിനാൽ ആറ് പദ്ധതികൾ നിർത്തി വച്ചിരിക്കുകയാണ്.<br><br>കെ.ആർ.ഡി.സി.എൽ ന് നിർമ്മാണ ചുമതലയുള്ള മേൽപ്പാലങ്ങളിൽ 3 എണ്ണത്തിനു ഭരണാനുമതി നൽകുകയും എൽ സി 12 ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. മറ്റ് ആർ.ഒ.ബി കളുടെയെല്ലാ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാൻ സാധിക്കും. |
| (ബി) | ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പിരിവ് (എ) യുടെ അതേ മറുപടി |
| (സി) | പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏതൊക്കെ ലവൽ ക്രോസുകളാണ് ഇല്ലാതെയാകുന്നതെന്ന് അറിയിക്കാമോ? | (സി) | കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ആർ.ഒ.ബി പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുള്ളതാണ്. ഫറോക്ക് ആർ.ഒ.ബി. (കോഴിക്കോട്), ഗുരുവായൂർ ആർ.ഒ.ബി (തൃശ്ശൂർ), ചിറങ്ങര ആർ.ഒ.ബി (തൃശ്ശൂർ), മാളിയേക്കൽ ആർ.ഒ.ബി (കൊല്ലം), കൊടുവള്ളി ആർ.ഒ.ബി (കണ്ണൂർ), താനൂർ-തെയ്യാല ആർ.ഒ.ബി (മലപ്പുറം), വാടാനാംകുറിശ്ശി ആർ.ഒ.ബി. (പാലക്കാട്), ചിറയിൻകീഴ് ആർ.ഒ.ബി. (തിരുവനന്തപുരം), ഇരവിപുരം ആർ.ഒ.ബി (കൊല്ലം), അകത്തേത്തറ ആർ. ഒ.ബി. (പാലക്കാട്), കാരിത്താസ് ആർ.ഒ.ബി. (കോട്ടയം), മുളന്തുരുത്തി ആർ.ഒ.ബി. (എറണാകുളം) എന്നിവയുടെ പ്രവൃത്തി പുരോഗമിക്കുന്നു. കെ.ആർ.ഡി.സി.എൽ നെ ഏൽപ്പിച്ച പ്രവൃത്തികളിൽ 3 എണ്ണത്തിന് ഭരണാനുമതി നൽകുകയും എൽ.സി. 12 ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ